സ്പോർട്ട്സ്

* 759. [10]. ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്ട്സ്നേയും കളികളേയും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ നിലയിൽ ഒരു സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കാൻ ഗവണ്മെന്റ് ശ്രമിക്കുമോ ;

(ബി) തിരുവിതാംകൂർ-കൊച്ചി ഒളിമ്പിക്ക് അസോസിയേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി ഗവണ്മെന്റിനു് എന്തെങ്കിലും അറിവുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഒരു സ്പോർട്ട്സ് കൗൺസിൽ രൂപീകരിക്കുന്നതിനുവേണ്ട ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

വില്ലേജ് അസിസ്റ്റന്റന്മാർ.

* 760. (11) ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1950 ഏപ്രിൽ 1-ാംതീയതിക്കകം എത്ര വില്ലേജസിസ്റ്റന്റന്മാരെ പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) വില്ലേജസ്സിസ്റ്റന്റന്മാരായി പിന്നീട് എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) അതിൽ പിരിച്ചുവിട്ടവരെ കൂടാതെ പുതുതായി എത്ര ആളുകളെ നിയമിച്ചിട്ടുണ്ട് ;

(ഡി) വില്ലേജസിസ്റ്റൻറുദ്യോഗമല്ലാതെ വേറെ എതെങ്കിലും നിയമനം നൽകിയിട്ടുള്ളവർ ഈ കൂട്ടരിൽനിന്നും ഉണ്ടോ ;

(ഇ) അവരിൽ എത്ര പേർ പ്രൊബേഷനറി പാവ്വ്യകാരന്മാരായി നിയമിക്കപ്പെട്ടിട്ടുണ്ട് ;

(എഫ്) ഈ നിയമനത്തിൽ പ്രതിഷേധിച്ച് വല്ല മെമ്മോറാണ്ടവും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ;

(ജി) ഇവർക്ക് മറ്റു ഡിപ്പാർട്ടുമെന്റിൽ അർഹിക്കുന്ന ജോലി നൽകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) 488 പേരെ.

(ബി) 81 പേരെ

(സി) 8 പേരെ.

(ഡി) റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഒരാളെ പ്രൊബേഷനറി വില്ലേജ് ആഫീസറായി നിയമിച്ചിട്ടുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിയമിച്ചിട്ടുള്ളതിന്റെ കണക്ക് പ്രത്യേകമായി വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ഒരാളെ.

(എഫ്) ഇല്ല.

(ജി) റവന്യൂ ഡിപ്പാർട്ടുമെന്റിൽതന്നെ സീനിയാറിട്ടി ക്രമമനുസരിച്ച് ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ ഒഴിവുകളിൽ ഇവരെ നിയമിക്കാൻ ഉത്തരവു ഇട്ടിട്ടുണ്ട്.

ഗവണ്മെന്റിന്റെ വ്യവസായനയം.

* 761. (14) ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഗവണ്മെന്റിനു് എന്തെങ്കിലും വ്യക്തമായ പരിപാടികൾ ഉണ്ടോ;

(ബി) ഗവണ്മെന്റിന്റെ പൊതുവായ വ്യവസായനയം എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) വലുതും ചെറുതുമായ വ്യവസായങ്ങൾ സ്ഥാപിച്ചു് തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാക്കുകയും ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുകയും ചെയ്യുക എന്നുള്ളതാണു് ഗവണ്മെന്റിന്റെ നയം.

ഡിസ്ട്രിക്റ്റ് ബോർഡുകൾ.

* 762. [16] ശ്രീ. പ്രാക്കുളം മാസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ മിക്ക സ്റ്റേറ്റുകളിലും നിലവിലുള്ള ഡിസ്ട്രിക്റ്റ് ബോർഡുകൾ ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ഈ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഡിസ്ട്രിക്റ്റ് ബോർഡുകൾ ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) മിക്കവാറും എല്ലാ പട്ടണങ്ങളും മുനിസിപ്പൽ ടൗൺകളാണു്. മുനിസിപ്പൽ ടൗണുകളല്ലാത്ത എല്ലാ സ്ഥലങ്ങളും, പഞ്ചായത്തുകളുടെ കീഴിലാക്കിയിട്ടുണ്ടു്. അങ്ങിനെ നോക്കുമ്പോൾ ഈ സ്റ്റേറ്റിലെ എല്ലാ ഭാഗവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണത്തിൻകീഴിലാണു്. ആയതിനാൽ ഡിസ്ട്രിക്റ്റ് ബോർഡുകളുടെ ആവശ്യമില്ല.

Waiting Sheds.

*763. [17] **Shri K. M. George:** Will the Minister for Works be pleased to state: How may waiting sheds for the travelling public have been built in 1954-55 and where?

Minister for Works (**Shri K. I. Velayudhan**): Five; at Oachira, Changamanadu, Kottiyam, Ambalapuza, Kallampalam.

LIBRARY ARCHIVES Kerala Legislative Assembly